മുവാറ്റുപുഴ സബ്സ്റ്റേഷനിൽ ഈ സാമ്പത്തിക വർഷം ഒരു പുതിയ 12.5 എം.വി.എ 110/11 കെ.വി. ട്രാൻസ്ഫോർമർ ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ട്രാൻസ്ഫോർമറുകളിൽ നിന്ന് മോഷണം

175 (5580) ശ്രീ. എ. എ. ഷൂക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളം മേജർ ഇലക്ട്രിക്കൽ ഡിവിഷന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ എത്ര ട്രാൻസ്ഫോർമറുകൾ കഴിഞ്ഞ നാലു വർഷത്തിനിടെ ഉപയോഗശൂന്യമായിട്ടുണ്ട് ;

(ബി) പ്രസ്തുത ഡിവിഷന്റെ പരിധിയിൽ വരുന്ന കുട്ടനാടൻ മേഖലകളിൽ മത്സ്യം പിടിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കും ലൈനിൽനിന്നും ലൂപ്പ് വയർ സ്ഥാപിച്ച് വൈദ്യുതി മോഷ്ടിക്കുന്നതും ട്രാൻസ്ഫോർമറുകളിൽ നിന്ന് എണ്ണ മോഷ്ടിക്കുന്നതും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് ട്രാൻസ്ഫോർമറുകൾ കേടുവരുത്തുന്നതിന് കാരണമാവുന്നുണ്ടോ ;

(സി) എങ്കിൽ ഇത്തരം വൈദ്യുതി മോഷ്ടാക്കൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 231 ട്രാൻസ്ഫോർമറുകൾ കേടായിട്ടുണ്ട്.

(ബി) കുട്ടനാടൻ മേഖലകളിൽ നിന്നും മത്സ്യം പിടിക്കുന്നതിന് ലൈനിൽ നിന്നും ലൂപ്പ് വയർ സ്ഥാപിച്ച് വൈദ്യുതി മോഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് യാതൊരു വിവരവും ബോർഡിൽ ലഭിച്ചിട്ടില്ല. എന്നാൽ 14-7-2009-ന് കുമരകം സെക്ഷന്റെ കീഴിൽ 4 ഹൗസ് ബോട്ടുകളിൽ ലൈനിൽ നിന്നും ലൂപ്പുവയർ ഉപയോഗിച്ച് വൈദ്യുതി മോഷണം നടത്തിയത് ബോർഡിന്റെ എ.പി.റ്റി.എസ്. വിഭാഗം കണ്ടെത്തുകയും ആയതിന് പിഴയിനത്തിൽ 6,68,862 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

ട്രാൻസ്ഫോർമറുകളിൽ നിന്ന് എണ്ണ മോഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ഒറ്റപ്പെട്ട സംഭവങ്ങൾ ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ട്രാൻസ്ഫോർമറുകൾ കേടു വരുത്തുന്നതിന് കാരണമാകാറുണ്ട്.

(സി) വൈദ്യുതി മോഷണം നടത്തിയ ബോട്ടുടമകളിൽ നിന്നും പിഴ ഈടാക്കുകയും മേലിൽ ഇത്തരം പ്രവർത്തികൾ ആവർത്തിക്കാതിരിക്കുന്നതിന് നിരന്തരം പരിശോധന ഉൾപ്പെടെയുള്ള കർശന നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly